# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
# കൂട്ടിച്ചേർക്കൽ വിജ്ഞാപനം

നമ്പർ:SR2-4/3/2025-KPSC തിരുവനന്തപുരം, 2026 ഫെബ്രുവരി 05

ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് വകുപ്പിലെ ഫയർ ആന്റ് റസ്ക്യൂ ഓഫീസർ (ട്രെയിനി)(സ്പെഷ്യൽ റിക്രൂട്ട്മെന്റ്- പട്ടിക ജാതി/പട്ടികവർഗ്ഗം) തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനായി, 28.11.2025 തീയതിയിലെ അസാധാരണ ഗസറ്റിൽ കാറ്റഗറി നമ്പർ 471/2025 ആയി പ്രസിദ്ധീകരിച്ചിരുന്ന മലയാളത്തിലുള്ള വിജ്ഞാപനത്തിലെ ക്രമ നമ്പർ (16), ചുവടെപറയും പ്രകാരം ഭേദഗതി ചെയ്യുന്നു.

16. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13.04.1972 ലെ G.O(Ms)No.142/72/PD, 29.11.1973 ലെ G.O(Ms)No.309/73/PD, 17.01.1976 ലെ G.O(P)No.21/76/PD, 22.01.1994 ലെ G.O(P)No.25/94/GAD എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും, 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

28.11.2025 തീയതിയിലെ ടി തസ്തികയുടെ മലയാളത്തിലുള്ള വിജ്ഞാപനത്തിൽ മുകളിൽ പറഞ്ഞ രീതിയിൽ മാറ്റം വരുത്തിയിരിക്കുന്നു. ഗസറ്റ് വിജ്ഞാപനത്തിലെ മറ്റു വ്യവസ്ഥകൾക്ക് മാറ്റമില്ല.

(കമ്മീഷന്റെ ഉത്തരവിൻപ്രകാരം)

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ